(സി) പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമിച്ച എം.പാനൽ കണ്ടക്ടർമാരെ സ്ഥിരം ജീവനക്കാരായി പരിഗണിച്ച് അവർക്ക് അർഹതപ്പെട്ട മുഴുവൻ ആനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എം.പാനൽ കണ്ടക്ടർമാരെ നിയമിക്കുന്നത് ചില അത്യാവശ്യ സാഹചര്യങ്ങളിൽ മാത്രമാണ്. ഇത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുമതിയോടുകൂടിയാണ്. പി.എസ്.സി.-യിൽനിന്നും നിയമനം നടത്തുന്ന മുറയ്ക്ക് മുഴുവൻ താൽക്കാലിക ജീവനക്കാരെയും ഒഴിവാക്കുന്നതാണ്.

(ബി) 168 എൻ.ജെ.ഡി. ഒഴിവുകളിലേയ്ക്കും 851 പുതിയതായി ഉണ്ടായ ഒഴിവിലേയ്ക്കും നിയമിക്കുന്നതിന് അഡ്വൈസ് ലിസ്റ്റ് കെ.പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് 3000 പേരുടെ ലിസ്റ്റ്-ഉം കെ.പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇതു സംബന്ധമായ കേസ് കോടതിയിൽ നിലനിൽക്കുന്നു. കേസിന്റെ വിധി അനുസരിച്ചും കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

നിർത്തലാക്കിയ സ്റ്റേ സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി

107 [561] ശ്രീ. തോമസ് ഉണ്ണിയാടൻ:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. സ്റ്റീഫൻ ജോർജ്:

" ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ കഴിയുന്നത്ര നിലനിർത്തുകയെന്നുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നയം ശക്തമായിട്ടുള്ള സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. സംസ്ഥാനമാകെ നിർത്തലാക്കിയ സ്റ്റേ സർവ്വീസുകൾ പുനരാരംഭിച്ച് യാത്രാ സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇങ്ങനെ പുനരാരംഭിക്കുന്ന സ്റ്റേ സർവ്വീസുകളുടെ ഏണിംഗ് പെർ കിലോമീറ്റർ മാത്രം പരിഗണിക്കാതെ സേവനമെന്ന ജനോപകാര നടപടിയായി സ്റ്റേ സർവ്വീസുകളെ പരിഗണിക്കുമോ;

(സി) വിവിധ ഇടത്തരം നഗരങ്ങളിലെ വ്യാപാര സ്ഥാപനങ്ങളിലും മറ്റ് നിർമ്മാണത്തൊഴിൽ രംഗത്തും പണിയെടുക്കുന്നവർക്ക് ഏക പോംവഴിയായി സ്റ്റേ സർവ്വീസുകളെ പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കി.മീറ്ററിന് 10 രൂപയിൽ കുറഞ്ഞ കളക്ഷനുള്ള സർവ്വീസുകൾ നിർത്തലാക്കാൻ ജി.ഒ.(ആർ.ടി.) നം. 174/03/ട്രാൻ. തീയതി 5-5-2003 പ്രകാരമുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് അത്തരം സ്റ്റേ സർവ്വീസുകൾ നിർത്തലാക്കിയത്.

(ബി) ഈ ആവശ്യം പരിഗണിക്കാൻ ഇപ്പോഴത്തെ സാഹചര്യത്തിൽ ബുദ്ധിമുട്ടുണ്ട്.

(സി) പരിഗണിക്കാൻ കഴിയില്ല.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവും കെ.എസ്.ആർ.ടി.സി.-യുടെ അധിക ചെലവും

108 [562] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് പ്രതിവർഷം ശരാശരി എത്ര കോടി രൂപയുടെ പെട്രോളിയം ഉൽപ്പന്നങ്ങൾ ആവശ്യമായി വരുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ നടപ്പിലാക്കിയ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് പ്രതിവർഷം എന്തു തുക അധിക ചെലവ് വരുമെന്ന് പറയാമോ;

(സി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിനെ തുടർന്ന് വിൽപ്പന നികുതി, പ്രവേശന നികുതി എന്നീ ഇനത്തിൽ സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്ന അധിക വരുമാനത്തിൽ നിന്ന് കെ.എസ്.ആർ.ടി.സി.-ക്കുണ്ടാവുന്ന അധിക ചെലവ് വഹിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യ്ക്ക് പ്രതിവർഷം 247.52 കോടി രൂപയുടെ പെട്രോളിയം ഉൽപ്പന്നങ്ങൾ ആവശ്യമായി വരുന്നുണ്ട്.

(ബി) പ്രതിവർഷം 18 കോടി രൂപയുടെ അധിക ചെലവ് വരുമെന്ന് കണക്കാക്കുന്നു.

(സി) ഇക്കാര്യം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly